പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ :3951 — 20-07-2015-ൽ മറുപടിക്ക്

## പീപ്പിൾ ബസാറുകളുടെ പ്രവർത്തനം

ചോദ്യം

ശ്രീ.ഇ.പി.ജയരാജൻ
ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
ശ്രീ.എ.എം.ആരിഫ്
ശ്രീ.കെ.വി.വിജയദാസ്

ഉത്തരം

ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | 14 ജില്ലാകേന്ദ്രങ്ങളിലും ഉണ്ടായിരുന്ന പീപ്പിൾസ് ബസാറുകൾ പ്രവർത്തിക്കുന്നുണ്ടോ; ഇവ പ്രവർത്തനം നിർത്താനുള്ള കാരണം വ്യക്തമാക്കാമോ; | (എ) | പ്രതിമാസം 25 ലക്ഷത്തിന് മുകളിൽ വിറ്റുവരവുള്ളതും 2500 ച. അടിയിലധികം വിസ്തീർണ്ണമുള്ളതും പ്രധാനപ്പെട്ട നഗരങ്ങളിൽ പ്രവർത്തിച്ച് വരുന്നതുമായ സൂപ്പർ മാർക്കറ്റുകൾ നവീകരിച്ച് പീപ്പിൾസ് ബസാറുകളാക്കി ഉയർത്തി പ്രവർത്തിച്ച് വരുന്നുണ്ട്. ഇപ്രകാരം കണ്ണൂർ ജില്ലയിലൊഴികെ മറ്റെല്ലാ ജില്ലകളിലുമായി പ്രവർത്തനം ആരംഭിച്ച 25 പീപ്പിൾസ് ബസാറുകളും ഇപ്പോഴും നല്ല രീതിയിൽ പ്രവർത്തിച്ച് പൊതുജനങ്ങൾക്ക് സേവനം നൽകി വരുന്നുണ്ട്. കണ്ണൂർ ജില്ലയിലെ കണ്ണൂർ സൂപ്പർ മാർക്കറ്റ്, പീപ്പിൾസ് ബസാറാക്കി ഉയർത്തുന്നതിനുള്ള നടപടികൾ തുടർന്ന് വരുന്നുണ്ട്. പ്രവർത്തനം ആരംഭിച്ച പീപ്പിൾസ് ബസാറുകൾ ഒന്നും തന്നെ ഇതുവരെ പ്രവർത്തനം നിർത്തിയിട്ടില്ല. |

Beena

സെക്ഷൻ ഓഫീസർ